കേരള സർക്കാർ

# കൂവപ്പടി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
**website : www.ksad.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.2)1760/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :21/10/2017

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ഗ്രാമപഞ്ചായത്ത്.

.

സർ,

വിഷയം : കൂവപ്പടി ഗ്രാമപഞ്ചായത്ത്-2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-
ഇകെഎം(പി.2)1760/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :
doekm.ksad@kerala.gov.in
തീയതി :21/10/2017

# എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18/08/2017 മുതൽ 24/08/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പോളി.ടി.ഒ., ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ്, സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | ബെന്നി സെബാസ്റ്റ്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | അനീഷ് ആർ., ഓഡിറ്റർ |

**(ബി)** നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുഞ്ഞുമോൾ തങ്കപ്പൻ | 01/04/16 മുതൽ 31/03/17 വരെ |
| വൈസ് പ്രസിഡന്റ് | സിന്ധു അരവിന്ദ് | 01/04/16 മുതൽ 31/03/17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | രാമൻകുട്ടി എം. എ. | 01/04/16 | 02/08/16 |
| | കെ. കെ. റെജികുമാർ | 03/08/16 | 31/03/17 |
| അസിസ്റ്റന്റ് സെക്രട്ടറി | എസ്. മനോജ് | 01/04/16 | 14/11/16 |
| | ജാനറ്റ് പോൾ | 15/11/16 | 18/02/17 |
| | ദീപകുമാരി എം. കെ. | 19/02/17 | 02/03/17 |
| | കെ.ജി.ശ്രീദേവി | 03/03/17 | 31/03/17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | യമുന പി.ബി. | 01/04/16 | 31/03/17 |
| കൃഷി ഓഫീസർ | മാത്യു സെബാസ്റ്റ്യൻ | 01/04/16 | 06/06/16 |

| | | | |
|---|---|---|---|
| | ചന്ദ്രബിന്ദു കെ.ആർ. | 07/06/16 | 25/09/16 |
| | മുരളീധരമേനോൻ ജി. | 26/09/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.വിക്ടർ ഫെർണാണ്ടസ് | 01/04/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ആനന്ദ് | 01/04/16 | 31/03/17 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബേബിമോൾ എസ്. | 01/04/16 | 28/06/16 |
| | ബിനു കെ.എൻ. | 29/06/16 | 31/03/17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഡോ. സീന പി.എസ്. | 01/04/16 | 31/03/17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സഫീറ എം.എ. | 01/04/16 | 31/03/17 |
| ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി. സ്കൂൾ | ജസി മാനുവൽ | 01/04/16 | 31/03/17 |

.

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം - **2** | |
| 13 | ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ച -വരുമാന നഷ്ടം | 2-1 |
| 14 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. | 2-2 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച – വരുമാന നഷ്ടം | 2-3 |
| 16 | അൺ – എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയില്ല | 2-4 |
| 17 | പവിഴം ഡയറ്റിയർ(പി) ലിമിറ്റഡിന്റെ വസ്തുനികുതി നിർണ്ണയം / പിരിവ് അപാകതകൾ | 2-5 |
| 18 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2-6 |
| 19 | ലൈസൻസുകൾ നൽകിയിട്ടില്ല. | 2-7 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-8 |
| | ഭാഗം - **3** | |

| | | |
|---|---|---|
| 21 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകത | 3-1 |
| 22 | വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-2 |
| 23 | വെറ്ററനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-3 |
| 24 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ | 3-4 |
| 25 | ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കിയില്ല | 3-5 |
| 26 | മരാമത്ത് പ്രവൃത്തികൾ – റോഡ് മെയിന്റനൻസ് അപാകതകൾ | 3-6 |
| | ഭാഗം - 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 37 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.2 |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 39 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 107186201.00 | 100004660.00 |
| വാർഷിക കണക്ക് പ്രകാരം(വരവ് ചെലവ് പത്രിക പ്രകാരം) | 52389374.00 | 51437638.00 |

EFMS മുഖേനയുള്ള 6,78,85,322/-രൂപയുടെ വിവരങ്ങൾ വരവ്-ചെലവ് പത്രിക പ്രകാരമുള്ള കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവയുൾപ്പെടെയുള്ള കണക്ക് നോക്കിയാൽ യഥാർത്ഥ വരവ്-ചെലവുകൾ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളേക്കാൾ അധികമാണെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല എന്ന് വ്യക്തമാകുന്നു. ശ്രദ്ധയോടെയും കാര്യക്ഷമമായും ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 23.06.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2016-17 | 22.08.2017 | പരിശോധിച്ചതിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 86,95,602.00 |
| വരവ് | 52389374.00 |
| ആകെ | 61084976.00 |
| ചെലവ് | 51437638.00 |
| നീക്കിയിരിപ്പ് | 9647338.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | വസ്തു നികുതി |
|---|---|
| തുക | 1,00,57,038 |

പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 0 | 11668904 | 11668904 | 11668904 | 0 |
| എസ്.സി. പി. | 0 | 2941447 | 2941447 | 2941447 | 0 |
| ടി.എസ്. പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 957652 | 957652 | 957652 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2829315 | 2829315 | 2829315 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4808822 | 4808822 | 4808822 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1493175 | 1493175 | 1493175 | 0 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 5175 | 19749532 | 19754707 | 19741967 | 12740 |
| ബി ഫണ്ട് | 0 | 48226710 | 48226710 | 48226710 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 219 | 90230453 | 126 | 36031095 | 90 | 3 | 57.5% |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7543035 | 8693200 | (+)1150165 | (+)15.25 |
| നികുതിയേതര വരവുകൾ | 1650736 | 999409 | (-)651327 | (-)39.46 |
| മറ്റുവരവുകൾ | 110790 | 186986 | (+)76196 | (+)68.78 |
| ആകെ | 7543035 | 9879595 | (+)2336560 | (+)30.98 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40920 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 6993970 | 812 |
| വിധവാപെൻഷൻ | 13455680 | 1289 |
| വാർദ്ധക്യകാല പെൻഷൻ | 23440845 | 2438 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3419695 | 384 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 707600 | 74 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-9 ആഭ്യന്തര നിയന്ത്രണം

ട്രേഡേഴ്സ് രജിസ്റ്റർ എഴുതുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നറിയാൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47030/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് ലഭിച്ചവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 432 | 0 | 4219 | 4658 | 2197 | 1889 | 8469 | 0 | 47892 | 56361 | 4 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 317 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 317 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-7-2017 | 1-4-2017 മുതൽ 30-6-2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-1-2014മുതൽ 13-2-2014 വരെ | 2008-09 മുതൽ 2012-13വരെ | 14-3-2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുവപ്പടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 28/10/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1 പ്രകാരം 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ മഞ്ജു ജോയി, മണിയച്ചേരി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 200 ച. മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള രണ്ട് സൂപ്പർമാർക്കറ്റുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നികുതി നിർണ്ണയത്തിന്റെ വിവരങ്ങൾ

| കെട്ടിട | തറ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | നിർണ്ണയിച്ച നികുതി |
|---|---|---|---|

| നം | വിസ്തീർണ്ണം (ച.മീ) | (ച.മീറ്ററിന് 80 രൂപ നിരക്കിൽ) | (ച.മീറ്ററിന് 40 രൂപ നിരക്കിൽ) |
|---|---|---|---|
| XII/90B | 281 | 18884 | 9442 |
| XII/90C | 230 | 15456 | 7728 |

നികുതി നിലവിൽ വന്ന 2016-17 രണ്ടാം അർദ്ധവർഷത്തിൽ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|
| XII/90B | 9,442 | 4,721 | 4,721 |
| XII/90C | 7,728 | 3,864 | 3,864 |
| ആകെ | | | 8,585 |

മേൽ വിശദീകരിച്ച പ്രകാരം, ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചതിനാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് 8,585/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-2 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

കുവപ്പടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 28/10/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കുവപ്പടി ഗ്രാമപഞ്ചായത്തിൽ പതിനൊന്ന് മൊബൈൽ ടെലിഫോൺ ടവറുകൾ പ്രവർത്തിച്ചിട്ടുണ്ട്. അവയിൽ നാലെണ്ണത്തിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിനാൽ പരിഷ്കരിച്ച നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടും, ഒരു ടവറിന്റെ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തവ

| ക്രമ നം. | സ്ഥാപനം | വാർഡ്നം/ കെട്ടിട നം (പഴയത്) | പെർമിറ്റ് നം/ തീയതി | ടവർ നം |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | III | 413/09 | 4 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | XVII | 409/08 | 5 |
| 3 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | V/596A | 73/07-08 | 8 |
| 4 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | XII | ലഭ്യമല്ല | 10 |

(ബി) സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടും ഡിമാൻറ് ചെയ്യാത്തവ

| സ്ഥാപനം | എയർസെൽ ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് |
|---|---|
| ലൊക്കേഷൻ | കുറിച്ചിലക്കോട് |
| വാർഡ് നം/ കെട്ടിട നം. | IX/317A |
| വിസ്തൃതി | 21ച.മീ. |
| ഈടാക്കേണ്ട വസ്തുനികുതി | 9923 |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വിവരം ശേഖരിച്ച്, നികുതി നിർണ്ണയിച്ച് കുടിശിക ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതും, വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതുമാണ്.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുവപ്പടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 28/10/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1 പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നം,/ കെട്ടിട നം. | കെട്ടിട ഉടമ | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | ഈടാക്കേണ്ട നികുതി 60 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ) | ഈടാക്കിയ നികുതി 40 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| XV/223B | സിന്ധു മാധവൻ നായർ, പുതുമനക്കുടി | 87.76 | 5529 | 3687 | 1842 |
| XV/223C | സിന്ധു മാധവൻ നായർ, പുതുമനക്കുടി | 33.55 | 2114 | 1410 | 704 |
| XV/151A | റിയോ ജോസ്, പറമ്പി, | 53 | 3673 | 2449 | 1224 |
| XV/151B | റിയോ ജോസ്, പറമ്പി, | 53 | 3673 | 2449 | 1224 |
| ആകെ | | | | | 4994 |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടേയും, സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം, നികുതിനിരക്കിൽ കുറവ് വന്നിട്ടുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

.

## 2-4 അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയില്ല

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01/06/2007ലെ 2427/07 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ്

സർട്ടിഫിക്കറ്റ് നൽകാൻ എൽ. എസ്. ജി. ഡി. എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19/08/97ലെ 84/97/PW&T സർക്കാർ ഉത്തരവ് പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൈസ്കൂളുകൾക്ക് 1000 രൂപയും, യു പി സ്കൂളുകൾക്ക് 300 രൂപയും, എൽ. പി സ്കൂളുകൾക്ക് 200 രൂപയുമാണ് ഫീസ്. കുവപ്പടി ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

| ക്രമ നം. | സ്കൂളിന്റെ പേര് | വിഭാഗം |
|---|---|---|
| 1 | സെന്റ് ആൻസ് പബ്ലിക് സ്കൂൾ, ഐമുറി | ഹയർ സെക്കൻഡറി സ്കൂൾ |
| 2 | സെന്റ് ജോസഫ്സ് പബ്ലിക് സ്കൂൾ, തോട്ടുവ | ഹൈസ്കൂൾ |
| 3 | വ്യാസവിദ്യാനികേതൻ, കുവപ്പടി | യുപി സ്കൂൾ |
| 4 | ഗ്രീൻവാലി പബ്ലിക് സ്കൂൾ, ഐമുറി | ഹൈസ്കൂൾ |

അനിവാര്യ ചുമതലകൾക്ക് പുറമെ പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കുക എന്നത് പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ, സ്കൂൾസുരക്ഷയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ഉത്തരവ് കുവപ്പടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അൺ-എയ്ഡഡ് സ്കൂളുകളുടേയും കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-5 പവിഴം ഡയറ്റിയർ (പി) ലിമിറ്റഡിന്റെ വസ്തുനികുതി നിർണ്ണയം/പിരിവ് - അപാകതകൾ

കുവപ്പടി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ 636 മുതൽ 669 വരെയുള്ള നമ്പർ കെട്ടിടങ്ങൾ പവിഴം ഡയറ്റിയർ (പി) ലിമിറ്റഡ് (നമ്പ്യാട്ടുകുടി ഗ്രൂപ്പ്) എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പിരിവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ഇവയിൽ എട്ടെണ്ണം പാർപ്പിടാവശ്യത്തിനുള്ളതും (നികുതിനിരക്ക് 4 രൂപ) ബാക്കി 28 എണ്ണം 2006 ലെ മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ആക്ട് (നികുതി നിരക്ക് 15 രൂപ) പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുമായിട്ടാണ് നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2006ലെ മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെങ്കിൽ, വ്യാവസായിക/ഉൽപാദന സംരംഭങ്ങളാണെങ്കിൽ അവയുടെ മൂലധന നിക്ഷേപം (പ്ലാന്റ് & മെഷിനറിയിൽ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം (വകുപ്പ് 7(1) a) :-

(i) മൈക്രോ എന്റർപ്രൈസസ് - 25 ലക്ഷം രൂപയിൽ അധികമാവരുത്,

(ii) സ്മോൾ എന്റർപ്രൈസസ് - 25 ലക്ഷം രൂപയിൽ അധികവും 5 കോടി രൂപയിൽ താഴെയും

(iii) മീഡിയം എന്റർപ്രൈസസ് - 5 കോടി രൂപയിൽ അധികവും 10 കോടി രൂപയിൽ താഴെയും

സേവനം പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളാണെങ്കിൽ അവയുടെ മൂലധന നിക്ഷേപം (പ്ലാന്റ് & മെഷിനറിയിൽ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം (വകുപ്പ് 7(1) b) :-

(i) മൈക്രോ എന്റർപ്രൈസസ് - 10 ലക്ഷം രൂപയിൽ അധികമാവരുത്,

(ii) സ്മോൾ എന്റർപ്രൈസസ് - 10 ലക്ഷം രൂപയിൽ അധികവും 2 കോടി രൂപയിൽ താഴെയും

(iii) മീഡിയം എന്റർപ്രൈസസ് - 2 കോടി രൂപയിൽ അധികവും 5 കോടി രൂപയിൽ താഴെയും.

എന്നാൽ, പവിഴം ഡയറ്റിയർ (പി) ലിമിറ്റഡ് (നമ്പ്യാട്ടുകുടി ഗ്രൂപ്പ്) എന്ന സ്ഥാപനം അരി, ഗോതമ്പ്, പയർ, എണ്ണ എന്നിവയുടെ 14 ഇനം ബ്രാൻഡുകൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന വൻകിട വ്യവസായ യൂണിറ്റുകളാണ്. ഇവയ്ക്ക് ഇതര വ്യവസായ സ്ഥാപനങ്ങൾക്കുള്ള നികുതി (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) ആണ് ഈടാക്കേണ്ടിയിരുന്നത്.

(ബി) താഴെ പറയുന്ന പട്ടികയിലെ കെട്ടിടങ്ങളുടെ 2012-13 വരെയുള്ള നികുതി ഈടാക്കാതെയാണ് അതിന് ശേഷമുള്ള വർഷങ്ങളിലെ നികുതി ഈടാക്കിയിരിക്കുന്നത്

| ക്രമ നം | കെട്ടിട നം | വിസ്തൃതി | ഉപയോഗക്രമം | നികുതി കുടിശിക |
|---|---|---|---|---|
| (i) | XIX/657 | 166.44 | മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം | 6,511 |
| (ii) | XIX/648 | 2061.30 | ---"-- | 61,240 |
| (iii) | XIX/643 | 2262.28 | ---"-- | 25,520 |

ടി വസ്തുതകളുടെ വെളിച്ചത്തിൽ ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും ഉപയോഗക്രമം പരിശോധിച്ച് ഇതര വ്യവസായങ്ങളിൽ (നികുതിനിരക്ക് 50 രൂപ) ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുകയും, 2012-13 വരെയുള്ള വസ്തുനികുതി കുടിശിക ഈടാക്കുകയും ചെയ്ത് വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-6 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേരും വിലാസവും | വിസ്തീർണ്ണം (Sq.M) | ഉപയോഗം | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | U.A.19/2 (2014-15) | ലിജി ആന്റണി നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 2218.44 | ഗോഡൗൺ | 1,46,454 |
| 2 | U.A.19/3 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 7.4 | ഗാർഡ് റൂം | 384 |
| 3 | U.A.19/4 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 36 | ഓഫീസ് | 1,728 |
| 4 | U.A.19/5 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 48.16 | ഹാൾ | 1,678 |
| 5 | U.A.19/6 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 12.60 | ഓഫീസ് | 624 |
| 6 | U.A.19/7 | ലിജി ആന്റണി , നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 25.44 | താമസത്തിന് | 125 |
| 7 | U.A.19/8 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 114.25 | താമസത്തിന് | 552 |
| 8 | U.A.19/9 | നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 90.46 | സർവീസ് സ്റ്റേഷൻ | 5,005 |
| 9 | U.A.19/10 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 100.32 | താമസത്തിന് | 485 |
| 10 | U.A.19/11 | എൻ.പി. ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 100.32 | ഓഫീസ് | 4,450 |

| | | | | | |
|---|---|---|---|---|---|
| 11 | U.A.19/12 | എൻ.പി. ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 92.50 | താമസത്തിന് | 471 |
| 12 | U.A.19/13 | എൻ.പി. ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 91.50 | താമസം | 442 |
| 13 | U.A.19/14 | എൻ.പി. ആന്റണി, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 78.74 | ഗോഡൗൺ | 3,476 |
| 14 | U.A.19/15 | എൻ.പി. ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 1164.32 | വ്യവസായം | 64,075 |
| 15 | U.A.19/16 | വൽസ ജോസ്. നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 173.91 | വ്യവസായം | 9,570 |
| 16 | U.A.19/17 | എൻ.പി. ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 105.30 | ഗോഡൗൺ | 6,996 |
| 17 | U.A.19/18 | ലിജി ആന്റണി നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 158.12 | വ്യവസായം | 8,745 |
| 18 | U.A.19/19 | ട്രീസ ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 1441 | | 6,917 |
| 19 | U.A.19/20 | ലിജി ആന്റണി നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 36.8 | ഗോഡൗൺ | 24,288 |
| 20 | U.A.19/21 | എൻ.പി. ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 69.92 | താമസത്തിന് | 336 |
| 21 | U.A.19/22 | എൻ.പി. ആന്റണി, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 653.86 | വ്യവസായം | 35,970 |
| 22 | U.A.19/23 | ലിജി ആന്റണി നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 100.4 | താമസത്തിന് | 485 |
| 23 | U.A.19/24 | ട്രീസ ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 456.8 | താമസം | 2,011 |
| 24 | U.A.19/25 | ട്രീസ ജോർജ്, നമ്പ്യാട്ടുകടിവീട് റയോൺപുരം, പെരുമ്പാവൂർ | 596.92 | ഗോഡൗൺ | 39,402 |
| 25 | U.A.19/26 | ദീപ്പു ജോസ് നമ്പ്യാട്ടുകടിവീട് റയോൺപുരം, പെരുമ്പാവൂർ | 4647.98 | ഗോഡൗൺ | 3,06,768 |
| 26 | U.A.19/27 | ദീപ്പു ജോസ് നമ്പ്യാട്ടുകടിവീട് റയോൺപുരം, പെരുമ്പാവൂർ | 2817.59 | ഗോഡൗൺ | 1,85,988 |
| 27 | U.A.19/28 | ട്രീസ ജോർജ്, നമ്പ്യാട്ടുകടി വീട് റയോൺപുരം, പെരുമ്പാവൂർ | 1562.20 | താമസത്തിന് | 6,614 |

| | | | | | |
|---|---|---|---|---|---|
| 28 | U.A.19/29 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 12.96 | ഗോഡൗൺ | 572 |
| 29 | U.A.19/30 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 207.20 | കാന്റീൻ | 13,728 |
| 30 | U.A.19/31 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 2713.20 | ഗോഡൗൺ | 1,79,124 |
| 31 | U.A.19/32 | എൻ.പി. ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 451.40 | ഗോഡൗൺ | 29,832 |
| 32 | U.A.19/33 | ട്രീസ ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 6235.80 | ഗോഡൗൺ | 411576 |
| 33 | U.A.19/34 | ഏലിയ പാപ്പച്ചൻ നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 2.44 | മോട്ടോർ ഷെഡ് | 36 |
| 34 | U.A.19/35 | ദീപക് ജോസ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 2.52 | മോട്ടോർ ഷെഡ് | 36 |
| 35 | U.A.19/36 | എൻ.പി. ജോർജ്, നമ്പ്യാട്ടുകുടി വീട് റയോൺപുരം, പെരുമ്പാവൂർ | 4.84 | ഗോഡൗൺ | 240 |
| 36 | U.V.18/1 (2015-16) | ഷാന്റി W/O സാനി, പാറപ്പുറം, കുവപ്പടി. | 128.34 | വാണിജ്യം | 5676 |

അനധികൃത കെട്ടിടമായതിനാൽ മേൽ പ്രകാരം നിർണ്ണയിച്ച നികുതിയുടെ 3 മടങ്ങ് ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുക അടച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ലൈസൻസുകൾ നല്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2014-15 ന് ശേഷം ലൈസൻസുകൾ നല്കിയിട്ടില്ലായെങ്കിലും ഇപ്പോഴും പ്രവർത്തിച്ച വരുന്നു:-

(i) ഹെൽത്തിയർ ഡയറ്റിയർ(പ്രൈ) ലിമിറ്റഡ്

(ii) സെന്റ് ജോസഫ് ട്രേഡേഴ്സ്

(iii) ഹണി ഇൻഡസ്ട്രീസ്

(iv) സ്റ്റാർ ഫുഡ് ഇൻഡസ്ട്രീസ്

(v) നമ്പ്യാട്ടുകുടി ആഗ്രോ മിൽസ്

(vi) ഡയമണ്ട് ഫുഡ് പ്രോഡക്റ്റ്സ്.

(vii) നമ്പ്യാട്ടുകുടി റൈസ് മിൽസ്

(viii) നമ്പ്യാട്ടുകുടി ഫുഡ് സ്പൈസ്

(ix) ഗോൾഡ് വിൻഫുഡ് പ്രോഡക്റ്റ്സ്.

(x) നമ്പ്യാട്ടുകുടി ആഗ്രോ ഇൻഡസ്ട്രീസ്

(xi) റിയ ആഗ്രോ ഇൻക്ലസ്ട്രിയോൺ

(xii) ഐമുറി ഫ്ളവർ മിൽസ്

വിഷയത്തിൽ നിയമപരമായ നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ/ഓഫീസിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1)ക്വാളിറ്റി പ്ലാസ്റ്റിക്ക് | 1.ആൽബി എം.ജി | 17,900/- | 120/- |
| | 2.ബീന പ്രതാപൻ | 17,100/- | 120 |
| | 3.ബിന്ദു ഷാജി | 17,400/- | 120/- |
| | 4.ഗ്രേസി തോമസ് | 17,400 | 120/- |
| 2)M/Sപോളിടെക്ക് പ്രോഡക്റ്റ് | 1.രതീഷ് കുമാർ | 29,700/- | 180/- |
| | 2.ബിജു കുമാർ | 17,900/- | 120/- |
| | 3.സുനിത ശിവൻ | 17,150/- | 120/- |
| | 4.വിജയ അയ്യപ്പൻ | 17,150/- | 120/- |
| 3)സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്ക്വാഡ്, കോടനാട്. | 1.മനോജ് എൻ.എ. | 184101/- | 1250/- |
| | 2.രാജേന്ദ്രൻ.കെ.സി. | 227592/- | 1250/- |
| | 3.ജിതേഷ്ആർ.വാര്യർ | 173964/- | 1250/- |
| | 4.സാബു ജെ.ബി. | 172515/- | 1250/- |
| | 5.ശ്രീജിത്.റ്റി.ആർ. | 182400/- | 1250/- |
| | 6.വിനീത് കെ.പി. | 172482/- | 1250/- |
| | 7. തേജസ് കെ. രാജൻ | 168787/- | 1250/- |
| | 8.സനോജ് കെ. | 141594/- | 1250/- |
| | 9. സുരേഷ് പി.വി. | 156800/- | 1250/- |
| | 10. കാർത്തു കെ. | 80176/- | 1250/- |
| 4)പ്രീമിയർ എന്റർപ്രൈസസ് | 1.അരുൺ അരവിന്ദ് | 12000/- | 180/- |
| | 2.രൻജിത്ത് | 12600/- | 180/- |
| | 3.എൽദോ | 16800/- | 180/- |
| | 4.റിജു | 16800/- | 180/- |
| | 5.മാത്യു | 10200/- | 180/- |
| 5)മിൽക്ക്സൊസൈറ്റി, കോടനാട് | 1.ലെനി മേരി ജോൺ | 45900/- | 450/- |
| | 2. വിനയകുമാർ | 51636/- | 450/- |
| 6)കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ, അങ്കമാലി. | 1.ബീപാത്തു. | 121480/- | 1000/- |
| | 2.മേരി മത്തായി | 124410/- | 1000/- |
| | 3.പ്രസാദ് | 245508/- | 1250/- |
| | 4.ജിനി കെ.കെ | 84000/- | 750/- |
| | 5.സിന്ധു പി.എം. | 84000/- | 750/- |

| | | | |
|---|---|---|---|
| | 6.ഇയ്യോബ് | 60870/- | 600/- |
| | 7.സേവ്യർ | 60870/- | 600/- |
| | 8.തോമസ് | 60360/- | 600/- |
| | 9.ഷാജു | 57450/- | 450/- |
| | 10.ജോസ് | 57000/- | 450/- |
| | 11.ഫ്രാൻസിസ് | 60870/- | 600/- |
| 7)നിയോപ്ലാസ്റ്റ് ഇൻഡസ്ട്രീസ് | 1.ബാലകൃഷ്ണൻ. | 66000/- | 600/- |
| | 2.ദിലീപ്കുമാർ | 72000/- | 600/- |
| | 3.രാജു | 63000/- | 600/- |
| | 4.സോണിയ | 51000/- | 450/- |
| | 5.ത്രേസ്യാമ്മ | 51000/- | 450/- |
| | 6.വിനീത് | 63000/- | 600/- |
| | 7.വത്സ | 51000/- | 450/- |
| | 8.സിന്ദു | 51000/- | 450/- |
| | 9.സുരേഷ് | 66000/- | 600/- |
| | 10.ഷീബ | 57000/- | 450/- |
| | 11.അജി | 66000/- | 600/- |
| | 12.മണികണ്ഠൻ | 69000/- | 600/- |
| | 13രൻജിത് | 66000/- | 600/- |
| | 14.ഷീല | 51000/- | 450/- |
| | 15.റെജിമോൻ | 69000/- | 600/- |
| | 16.വിനീത | 39000/- | 300/- |
| | 17.രാഗേഷ് | 42000/- | 300/- |
| | 18.നിഖിൽ | 57000/- | 450/- |
| ആകെ | | | **32520/-** |

ടി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകത

കുവപ്പടി ഗ്രാമപഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) വീട് പുനരുദ്ധാരണം - വാല്യുവേഷനേക്കാൾ കൂടുതൽ തുക നൽകി.

പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് പുനരുദ്ധാരണം (S.C.സ്പിൽ ഓവർ) |
| നം. | S0005/17 |
| അടങ്കൽ | 25000/- |
| ചെലവ് | 25000/- |
| ചെലവ് രേഖ | ബിൽനം.19/16-17, തീയതി 28/3/2017തുക 25,000/- അക്കൗണ്ട് നം.67359854505 (SBT) ഫണ്ട് ട്രാൻസ്ഫർ |

മുകളിൽ സൂചിപ്പിച്ച ചെലവ് രേഖ പ്രകാരം , കാളി കുറുമ്പൻ പാലക്കണ്ണി വീട്, ഐമുറി എന്നയാൾക്ക് 25000/- രൂപ അനുവദിച്ച് നൽകി. ഇവരുടെ വീടിന്റെ വാല്യുവേഷൻ പഞ്ചായത്ത് ഓവർസിയർ നൽകിയിരിക്കുന്നത് 24149/-രൂപ എന്നാണ്. 24149/-രൂപ വാല്യുവേഷൻ ഇട്ടിരിക്കുന്ന പ്രവൃത്തിക്ക് 25000/- രൂപ നൽകിയിട്ടുണ്ട്. അധികമായി അനുവദിച്ച തുക 851/-ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(ബി) S.C.കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ – പ്രോജക്ട് നടപടികൾ പാലിച്ചില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മറ്റൊരു പ്രോജക്ടാണ്, S.C.കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ . പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S.C.കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ |
| നം. | S0167/16-17 |
| വിഭാഗം | SCP |
| അടങ്കൽ | 200000/- |
| ചെലവ് | 199125/- |
| ചെലവ് രേഖ | ബിൽ.നം.37/17 തീയതി 31/3/2017 തുക – 199125/- |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ചെലവ് രേഖ പ്രകാരം അക്കൗണ്ട് ട്രാൻസ്ഫറിലൂടെ സൈക്കിൾ നൽകിയ സലിം & സൺസ് പെരുമ്പാവൂരിന് ബിൽ നം. 2977 തീയതി 30/3/2017 പ്രകാരം 199125/-രൂപ കൈമാറിയിട്ടുണ്ട്. ബില്ല് പ്രകാരം 25 സൈക്കിളുകൾ 3610/-രൂപ വില പ്രകാരവും, (25*3610=90250) 25 സൈക്കിളുകൾ 3615/-രൂപ വില പ്രകാരവുമാണ് (25*3615=90375) വാങ്ങിയിരിക്കുന്നത്.പണം സലിം & സൺസ് പെരുമ്പാവൂർ കൈപ്പറ്റിയെങ്കിലും, അതിന് രശീതി അവർ നൽകിയിട്ടില്ല.പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

(i) പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ കണ്ടെത്തുകയാണ് വേണ്ടതെന്നിരിക്കെ, ഇവിടെ ഗണപതിവിലാസം ഹൈസ്കൂൾ കുവപ്പടിയും, മാർ ഔഗേൻ ഹൈസ്കൂൾ കോടനാട്ടും ചേർന്നാണ് ഗുണഭോക്താക്കളെ നിശ്ചയിച്ചത്.

(ii) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകുമ്പോൾ, പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇത്തരം ആനുകൂല്യം കുട്ടികൾക്ക് ലഭിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള നടപടികൾ വാങ്ങലിൽ പാലിച്ചിട്ടില്ല..

(iii) S.S.A കുട്ടികൾക്ക് ഇത്തരം ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

(iv) വാങ്ങൽ നടപടികൾ സുതാര്യമല്ല. സൈക്കിളിന്റെ വില സംബന്ധിച്ച അന്വേഷണം പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടില്ല.

(v) ടെണ്ടർ നടപടിയിൽ പാലിക്കേണ്ട വ്യവസ്ഥകൾ (സ്പെസിഫിക്കേഷൻ, വില സംബന്ധിച്ച വ്യവസ്ഥകൾ, പർച്ചേയ്സ് ഓർഡർ നൽകൽ, വിലപേശൽ) വാങ്ങലിൽ ഉണ്ടായിട്ടില്ല.

(vi) 31/3/2017-ൽ ലഭ്യമായ സൈക്കിളുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി വിതരണം ചെയ്യാനായി 5 മാസത്തിന് ശേഷവും, ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 1,99,125/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വി.ഇ.ഓ. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

കുവപ്പടി ഗ്രാമപഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) പ്രോജക്ട് നടപ്പാക്കിയപ്പോൾ സർക്കാർ ഉത്തരവ് പാലിച്ചില്ല. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം |
| നമ്പർ | S0001/16-17 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 1247400/- |
| ചെലവ് | 1247400/- |
| ചെലവ് രേഖ | ബിൽ നം.1 /2016-17 തീയതി 31/8/2016 തുക – 500200<br>ബിൽ നം.2/2016-17 തീയതി 23/9/2016 തുക – 590800<br>ബിൽ നം.3/2016-17 തീയതി 19/10/2016 തുക – 156400<br>ആകെ -1247400 |

സർക്കാർ ഉത്തരവ് (സാ.ധാ)നം.1530/2016 ത.സ്വ.ഭ.വ.തീയതി 26/4/2016 പ്രകാരം പ്രവൃത്തിയുള്ള തുക നൽകേണ്ടത് പ്രവൃത്തിയുടെ പുരോഗതി എൻജിനീയറോ, ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരോ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നിരിക്കെ ഇപ്രകാരമുള്ള യാതൊരു പരിശോധനയും കൂടാതെ 81 ഗുണഭോക്താക്കൾക്ക് 15400/-രൂപ പ്രകാരം 1247400/-രൂപ നൽകി.

(ബി) ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടും ഗുണഭോക്താക്കൾക്ക് പ്ലാന്റ് സ്ഥാപിച്ചു നൽകിയില്ല.

വി.ഇ.ഒ. നടപ്പാക്കിയ മറ്റൊരു പ്രോജക്ടാണ് ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| നമ്പർ | S0204/16-17 |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് -594210<br>തനത് ഫണ്ട് -5790<br>ഗുണഭോക്തൃ വിഹിതം -480000<br>ആകെ - 1080000 |
| ചെലവ് | 150000/- |
| ചെലവ് രേഖ | ബിൽ.നം.4/2016-17 തീയതി-20/3/2017 തുക150000/-<br>I.R.T.C.മുണ്ടൂരിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി. |

80 പേരെ ഉൾക്കൊള്ളിച്ച് പ്രോജക്ട് രൂപീകരിച്ചെങ്കിലും, 49 പേരാണ് എഗ്രിമെന്റ് വെച്ചത്. ഇവരിൽ നിന്നും, 294000/-രൂപ , ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത് പഞ്ചായത്ത് തനത് ഫണ്ടിൽ പണം നിക്ഷേപിച്ചെങ്കിലും, (നാലു മാസത്തിനു ശേഷവും) 14 പേർക്കാണ് I.R.T.C.പ്ലാന്റ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. പ്രോജക്ടിനു വേണ്ടി വി.ഇ.ഒ. I.R.T.C. മുണ്ടൂരുമായി ചമച്ച കരാറിൽ 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിരുന്നു. 14 പേർക്ക് പ്ലാന്റ് നിർമ്മിച്ചു നൽകിയപ്പോൾ I.R.T.C മുണ്ടൂരിന് 189000/-രൂപ (13500x14) നൽകേണ്ടിയിരുന്നു. എന്നാൽ ഇവർക്ക് നൽകിയത് 150000/-രൂപ മാത്രമാണ്. അവശേഷിക്കുന്ന തുക (39000) I.R.T.C മുണ്ടൂരിന് അടിയന്തിരമായി നൽകേണ്ടതും ഗുണഭോക്തൃ വിഹിതം അടവാക്കിയ 35 പേരുടെ (49-14)ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എത്രയും വേഗത്തിൽ സ്ഥാപിച്ചു നൽകേണ്ടതും , പദ്ധതിയിൽ എഗ്രിമെന്റ് വെയ്ക്കാൻ അവശേഷിക്കുന്ന 31 ഗുണഭോക്താക്കളെ (80-49) എഗ്രിമെന്റിൽ ഏർപ്പെടുത്തി പദ്ധതി പൂർത്തീകരിക്കേണ്ടതുമാണ്.

# 3-3 വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

കൂവപ്പടി ഗ്രാമ പഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് പെണ്ണാട് വിതരണം |
| നമ്പർ | S0106/17 |
| വിഭാഗം | ജനറൽ, വികസന ഫണ്ട് |
| അടങ്കൽ | 480000/- |
| ചെലവ് | 400000/- |
| ചെലവ് രേഖ | ബിൽ.നം.8/2016-17തുക 180000/-തീയതി 29/3/2017<br>ബിൽ.നം.10/2016-17തുക-20000/-തീയതി 30/3/2017 |

20 ഗുണഭോക്താക്കൾക്ക് 10000/-രൂപ സബ്സിഡി നൽകി, ഗുണഭോക്തൃ വിഹിതമായി ഓരോരുത്തരിൽ നിന്നും 10000/- രൂപ വീതം സ്വീകരിച്ച് 20000/- രൂപയ്ക്ക് 3 പെണ്ണാടുകളെ വാങ്ങുന്നതാണ് പ്രോജക്ട്. പ്രോജക്ട് നിർവ്വഹിക്കാനായി ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് കൂവപ്പടി ഗ്രാമ പഞ്ചായത്തിന്റെ 10/02/2017-ലെ 1(5) കമ്മിറ്റി തീരുമാന പ്രകാരമാണ് അംഗീകരിച്ചത്. എന്നാൽ മേല്പറഞ്ഞ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ആളുകൾക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ട്.വിശദ വിവരം താഴെപ്പറയുന്നു.

| ക്ര. നം. | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| (i) | മേരി യോഹന്നാൻ, കള്ളിക്കകം (h),എളംപകപ്പിള്ളി (PO) അയ്യൂരി | 10000/- |
| (ii) | കൊച്ചു റാണി വർഗീസ്,ചെരപ്പറമ്പിൽ (h),ചേരാനല്ലൂർ (PO), മങ്കുഴി | 10000/- |
| (iii) | ചിന്നമ്മ ജോസ് , നാലുകണ്ടത്തിൽ (h), മാവേലിപ്പടി , കല്ലമ്പലം | 10000/- |
| (iv) | മേരി സാബു, പൂവത്തും വീടൻ (h), ഇളമ്പകപ്പിള്ളി | 10000/- |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്ക് നൽകിയിരിക്കുന്ന ആനുകൂല്യം നൽകുന്നതിനായി നടത്തിയ 40000/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ തുക ടി വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതും, അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

# 3-4 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ

കൂവപ്പടി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) കരാർ പ്രവൃത്തികൾ നിർവ്വഹിച്ച വ്യക്തിയിൽ നിന്നും നികുതികൾ ഈടാക്കിയില്ല.
(i)

| | |
|---|---|
| പ്രോജക്ട് | തെരുവു വിളക്ക് പരിപാലനം |
| പ്രോജക്ട് നം. | S0011/2017 |
| വിഭാഗം | തനത് ഫണ്ട് |
| അടങ്കൽ | 721640/- |
| ചെലവ് | 593577/- |
| ചെലവ് രേഖ | ചെലാൻ നം.8092749 തീയതി 24/10/2016 പ്രകാരം കോൺട്രാക്ടറായ ശ്രീ.അൻസർ ഒ.എം., ഇലക്ട്രോപവർ എൻജിനീയറിങ്, വെണ്ണലയ്ക്ക് തുക നൽകി |

ഇപ്രകാരം തുക നൽകിയപ്പോൾ കരാറുകാരനിൽ നിന്നും താഴെപ്പറയുന്ന വിധത്തിൽ നികുതികൾ ഈടാക്കിയില്ല.

| | |
|---|---|
| ആദായനികുതി | 5936 |
| KCWWF | 5936 |

(ii)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക് പരിപാലനം |
| പ്രോജക്ട് നം. | S0149/2017 |
| വിഭാഗം | ധനകാര്യകമ്മീഷൻ അവാർഡ് |
| അടങ്കൽ | 1200000/- |
| ചെലവ് | 279868/- |
| ചെലവ് രേഖ | ബിൽ നം. 34/17തീയതി 29/3//2017 പ്രകാരം കോൺട്രാക്ടറായ ശ്രീ.അൻസർ ഒ.എം.,ഇലക്ട്രോ പവർ എൻജിനീയറിങ്, വെങ്ങോലയ്ക്ക് തുക നൽകിയത് |

കോൺട്രാക്ടറുടെ പക്കൽ നിന്നും ഈടാക്കാത്ത നികുതി വിവരങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| ആദായനികുതി | 2799 |
| KCWWF | 2799 |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കരാറുകാരന് നൽകിയ തുകയിൽ നിന്നും KCWWF ഇനത്തിൽ 8735 രൂപ ഈടാക്കി ഗവൺമെന്റ് അക്കൗണ്ടിൽ (സംസ്ഥാനം) അടവാക്കേണ്ടതും, ആദായ നികുതി ഇനത്തിൽ 8735/- കേന്ദ്ര ഗവൺമെന്റ് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

(ബി) <u>കരാർ ചമയ്ക്കാതെ മുൻകൂർ തുക നൽകി 4593555/-രൂപ തടസ്സപ്പെടുത്തുന്നു.</u>

സ്ട്രീറ്റ് മെയിൻ വലിയ്ക്കലുമായി ബന്ധപ്പെട്ട് സെക്രട്ടറി കെ.എസ്.ഇ.ബി. യുടെ വിവിധ സെക്ഷൻ ഓഫീസുകളിൽ മുൻകൂർ നൽകിയതാണ് പ്രോജക്ട്. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെ പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ |
| പ്രോജക്ട് നം. | S0150/2017 |
| വിഭാഗം | ജനറൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്- 3206690<br>ലോക ബാങ്ക് - 1386865<br>ആകെ - 4593555/- |
| ചെലവ് | 4593555/- |

ചെലവ് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| ചെലവ് രേഖ | തീയതി | തുക | മുൻകൂർ നൽകിയത് ആർക്ക് എന്നത് |
|---|---|---|---|
| ബിൽനം.28/2017 | 27/03/2017 | 24700 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, പെരുമ്പാവൂർ |
| ബിൽനം.29/2017 | 27/03/2017 | 489370 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, പെരുമ്പാവൂർ |
| ബിൽനം.30/2017 | 27/03/2017 | 1386865 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കുറുപ്പംപടി |
| ബിൽനം.31/2017 | 27/03/2017 | 2277705 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കുറുപ്പംപടി |
| ബിൽനം.32/2017 | 27/03/2017 | 119550 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, വേങ്ങൂർ |

| | | | |
|---|---|---|---|
| ബിൽനം.33/2017 | 27/03/2017 | 295365 | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കുറുപ്പംപടി |
| ആകെ | | 4593555 | |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും,സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ GO.(MS)362/2013 ത.സ്വ.ഭ.വ.30/12/2013 © പ്രകാരം (GO (MS)395/2013 ത.സ്വ.ഭ.വ. 30/12/2013 പ്രകാരം 2014-15 വർഷം മുതൽ പ്രാബല്യം) പ്രോജക്ടിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ KWA /KSEB/GWD യുമായി തദ്ദേശ ഭരണസ്ഥാപനം കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളൂ, എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. 4593555/-രൂപ KSEB-ക്ക് മുൻകൂറായി പഞ്ചായത്ത് കൈമാറിയെങ്കിലും, പഞ്ചായത്ത് KSEB യുമായി കരാർ ചമച്ചിട്ടില്ല. ആയതിനാൽ ചെലവായ തുക 4593555/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കിയില്ല

2014 – 15 വർഷത്തെ പ്രവൃത്തികൾ സ്പിൽ ഓവറായി 2015-16 വർഷം ആരംഭത്തിൽ ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകിയത് 2016-17 വർഷത്തിലാണ്. SOR 2012 (PWD) നിരക്ക് പ്രകാരമാണ് പ്രവൃത്തി ചെയ്തത്. ടാറിംഗ് പ്രവർത്തിക്ക് ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കിയിട്ടില്ല. മാത്രമല്ല ബിറ്റുമിൻ വാങ്ങിയ ബിൽ ഹാജരാക്കാത്തതിനാൽ ബിറ്റുമിന്റെ മാർക്കറ്റ് വില ലഭ്യമല്ല. ബിറ്റുമിന്റെ മാർക്കറ്റ് വില SOR 2012 (PWD) നിരക്കിനേക്കാൾ കുറവാണ് എങ്കിൽ അത് കൺവീനറിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ കാലി വീപ്പയുടെ വിലയും ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | പ്രൊജക്ട് നമ്പർ | കൺവീനർ | നൽകിയ തുക | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്. |
|---|---|---|---|---|
| ഈസ്റ്റ് ഐമുറി കവല റോഡ് | 31/17 | കെ.പി. വർഗ്ഗീസ് | 4,99,120 (ചെക്ക് നം. 8092743/7-10-16 | 2226 kg |
| മേനോൻ കവല ലിങ്ക് റോഡ് | 22/17 | കെ.ബി.ശശി | 1,17,807 (ചെക്ക് നം. 9396412/11-2-17 | 1255 kg |
| കുളവയൽ ഫാം കൊട്ടച്ചിറ റോഡ് | 40/17 | ഫിജിൻ പോൾ | 4,99,303 (ചെക്ക് നം.8092741/ 7-10-16) | 5,175 kg |
| കോരമംഗലം പാടശേഖരം റോഡ് | 26/17 | എം.വി. വർഗ്ഗീസ് | 7,24,654 (ചെക്ക് നം.9396415- Rs. 3,38,988/-, bill no.30/4-12-15 Rs. 385666/-) | 5,226 kg |

.

ഈ കാലഘട്ടങ്ങളിൽ ബിറ്റുമിന്റെ മാർക്കറ്റ് വില SOR 2012 പ്രകാരമുള്ള വിലയേക്കാൾ കുറവാകാൻ സാധ്യതയുണ്ട്. ആയതിനാൽ കൺവീനർമാർ ടാർ വാങ്ങിച്ച വിലയും എസ്റ്റിമേറ്റും പ്രകാരമുള്ള വിലയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

# 3-6 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തനത് വർഷം 1.16കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനാണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയുന്നത്. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ

എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എംബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 300000 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് S(15/17) | 300000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 300000 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് S(15/17) | 300000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 149000 | പാൽ സബ്സിഡി S(159/17) | 149000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 200000 | പെയിൻ & പാലിയേറ്റീവ് S(139/17) | 200000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 144000 | നെൽകൃഷി കൂലിച്ചെലവ് S(155/17) | 144000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/ അനുവദിച്ച തുക | പിൻവലിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം 530/2010/ | 17500000 | 719818 | 719818 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| | ത.സ്വ.ഭ.വ<br>തീയതി<br>18.02.2010<br>1,75,00,000 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 556808 |
| തൻവർഷം നിക്ഷേപിച്ച തുക | 54289 |
| ആകെ | 611097 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 611097 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം, |
|---|---|---|
| ചേരാനല്ലൂർ സർവീസ് സഹകരണ ബാങ്ക്, ഇടവൂർ ശാഖ | 611097 | 5273/11.8.2016 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രസീത് നം |
|---|---|---|---|---|
| 2013-14 | 3-1 | യമുന പി. ബി. അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. | 6,328/- | 11610106148 തീ. 15/03/17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,23,89,374 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,43,21,334 |
| വരവിനങ്ങളിലുള്ള നഷ്ടം | 46,099 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,851 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,92,680 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-3 | 4994 | - | കെ.കെ.റെജി, സെക്രട്ടറി |
| 2-8 | 32520 | -- | കെ.കെ.റെജി, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-1 | 8585 | --- | കെ കെ റെജി, സെക്രട്ടറി |
| 3-1(എ) | --- | 851 | ശ്രീദേവി കെ.ജി.,അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | --- | 40000 | ഡോ.ജെസ്സി എ.സ്., വെറ്ററിനറി സർജൻ |
| ആകെ | 46099 | 40851 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(ബി) | 199125 | ശ്രീദേവി കെ.ജി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-4(ബി) | 4593555 | കെ.കെ.റെജി, സെക്രട്ടറി |
| ആകെ | 4792680 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ ഇനം/തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4(എ) | ആദായനികുതി | 8735 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-4(എ) | KCWWF | 8735 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ.റെജി, സെക്രട്ടറി | സെക്രട്ടറി,<br>കൂവപ്പടി ഗ്രാമപഞ്ചായത്ത് | കുഴിവിലാൻകുടി,<br>ഇരിങ്ങോൾ(പി.ഒ.),<br>എറണാകുളം ജില്ല |
| ശ്രീദേവി കെ.ജി.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കൂവപ്പടി ഗ്രാമപഞ്ചായത്ത് | രാഘവീയം,<br>നദുവത് നഗർ P.O<br>ചേർത്തല |
| ഡോ.ജെസ്സി എ.എസ്.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കോടനാട് | ആഷിഷ് വില്ല,<br>കൊറ്റമം, കാലടി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2)1205/03,തീ.7-12-03 |
| 1996-97 | എൽ എഫ് ഇ (പി2)256/97,തീ.9-3-98 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |

| | |
|---|---|
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)623/04,തീ.1-11-2004 |
| 2000-01 | എൽഎഫ്ഇ(പി2)608/05,തീ.28-12-2005 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.09-03-07 |
| 2003-04 | എൽഎഫ്ഇ(പി2)299/10,തീ.19-7-11/ തീ. 14-10-11 |
| 2004-05 | എൽ എഫ് ഇ (പി2)300/10,തീ. 19-7-11 തീ. 14-10-11 |
| 2005-06 | എൽ എഫ് ഇ (പി2)301/10,തീ. 19-7-11 തീ. 14-10-11 |
| 2006-07 | എൽ എഫ് ഇ (പി2)1725/07,തീ. 4-8-08 തീ.3-10-08 |
| 2007-08 | എൽ എഫ് ഇ (പി2)30210തീ. 19-7-11 തീ.14-10-11 |
| 2008-09, 2009-10, 2010-11 | എൽ എഫ് ഇ (പി2)2083/12, 14-12-12 തീ.1-2-13 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)724/14, തീ. 26-6-2014/ 11-09-2014 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)26/16 തീയതി 12.1.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)2042/16 തീയതി 18.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി.2)1760/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 21/10/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P.2)1760/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 21-10-2017

Certified that I have audited the Annual Financial Statement of KOOVAPPADY Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of KOOVAPPADY Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy
Director